**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1925** **09-12-2022 - ൽ മറുപടിയ്ക്ക്**

**അഫിലിയേറ്റഡ് കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തി ഒഴിവുകൾ നികത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഒന്നാംവർഷ ബിരുദ പി.ജി. പ്രവേശനം പൂർത്തിയായപ്പോൾ സർവ്വകലാശാലകൾക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തി പ്രസ്തുത ഒഴിവുകൾ നികത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2022-23 അധ്യയന വർഷത്തെ യു.ജി ,പി.ജി പ്രവേശനം, അലോട്ട്മെന്റുകൾക്കു ശേഷം സ്പോട്ട് അഡ്മിഷൻ നടത്തിയാണ് പൂർത്തിയാക്കിയത് . |
| (ബി) | മികച്ച സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് ഗ്രേഡിംഗ് നടത്തി അംഗീകാരം നൽകുന്നതിന് സാക് (സ്റ്റേറ്റ്അസ്സെസ്സ്മെന്റ് ആൻഡ് ആക്രെഡിറ്റേഷൻ സെന്റർ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷം തോറും വിലയിരുത്തുന്നതിന് നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) ന്റെ മാതൃകയിൽ സംസ്ഥാന തലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾ കൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values ന് പുറമെ, *Social Inclusiveness (Inclusive Education), Equity and Excellece, Scientific temper, and secular outlook* എന്നീ 3 core values ന്റെ കൂടി അടിസ്ഥാനത്തിൽ, സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State Specific) കൂടി വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ - എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC ന്റെ അവലോകന പരിധിയിൽ വരും. ഇതുമായി ബന്ധപ്പെട്ട് ജില്ലാ അടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചുവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അപേക്ഷിക്കുന്ന മുറയ്ക്ക് അക്രഡിറ്റേഷൻ പ്രക്രിയ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ